(ബി) പാസ്സാകുന്നവരുടെ ജോലി സാദ്ധ്യത കൂടി പരിശോധിക്കുന്ന ചുമതല ഈ സമിതിയെ ഏൽപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൂടുതൽ ബി. എഡ്. കോളേജുകൾ അനുവദിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്താൻ വിദഗ്ദ്ധ സമിതിയെ നിയമിച്ച് 28-2-2005-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

ഐ. റ്റി. വിദ്യാഭ്യാസത്തിന് സ്വതന്ത്ര സോഫ്റ്റ്വെയർ

95 [3621] *ശ്രീ. തോമസ് ചാഴികാടൻ :*

,, *റോഷി അഗസ്റ്റിൻ :*

,, *കെ. നാരായണക്കുറുപ്പ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. വിദ്യാഭ്യാസം സ്വതന്ത്ര സോഫ്റ്റ് വെയർ സഹായത്തോടെയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഈ പദ്ധതി നടപ്പാക്കാൻ അദ്ധ്യാപകർക്ക് പ്രത്യേകം പരിശീലനം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ സംവിധാനം കുറ്റമറ്റതാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഈ സംവിധാനം പരമാവധി കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കുന്നമംഗലം മണ്ഡലത്തിലെ സ്കൂളുകളുടെ ഓല ഷെഡ് മാറ്റാൻ നടപടി

97 [3622] *ശ്രീ. യു. സി. രാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കുന്ദമംഗലം മണ്ഡലത്തിൽ ഏതൊക്കെ സ്കൂളുകളാണ് ഓല ഷെഡിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓല ഷെഡ്ഡുകൾ മാറ്റി കെട്ടിടം പണിയാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഓരോന്നിന്റെയും വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) കുന്ദമംഗലം മണ്ഡലത്തിലെ സ്കൂളുകളുടെ ഓല ഷെഡ്ഡുകൾ പൂർണ്ണമായും മാറ്റി പകരം കെട്ടിടങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് എൽ. പി. സ്കൂൾ, ചാത്തനണ്ണകോട്ട്, എ. എൽ. പി. സ്കൂൾ, പുല്ലൂർ നോർത്ത്, എ. യു. പി. സ്കൂൾ, കുന്ദമംഗലം (ഈസ്റ്റ്) എ. എൽ. പി. സ്കൂൾ, പെരുവഴിക്കടവ് എന്നീ സ്കൂളുകൾ ഓല ഷെഡ്ഡിൽ പ്രവർത്തിക്കുന്നു. കൂടാതെ നായർകുഴി ഗവൺമെന്റ് ഹൈസ്കൂളിന്റെ നാലു ക്ലാസുമുറികളും മണക്കാട് യു. പി. സ്കൂളിന്റെ രണ്ടു ക്ലാസുമുറികളും ഓല ഷെഡ്ഡിൽ പ്രവർത്തിക്കുന്നു.

(ബി & സി) സംസ്ഥാനത്ത് ഓല ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്കൂൾ കെട്ടിടങ്ങളും അടുത്ത അദ്ധ്യയന വർഷാരംഭത്തിനു മുൻപേ സ്ഥിരം/ അർദ്ധ സ്ഥിരം കെട്ടിടങ്ങളാക്കി മാറ്റുവാനുള്ള നടപടി നടന്നുവരികയാണ്. സർക്കാർ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തി ചെയ്യേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളും എയ്ഡഡ് സ്കൂളുകളുടെ നിർമ്മാണ പ്രവർത്തി ചെയ്യേണ്ടത് അതാത് മാനേജർമാരുമാണ്. നായർകുഴി ഗവൺമെന്റ് ഹൈസ്കൂളിന്റെ നാലു ഓല ഷെഡ്ഡ് ക്ലാസുമുറികൾക്കു പകരം എസ്. എസ്. എ. ഫണ്ടുപയോഗിച്ച് നാലു ക്ലാസു മുറികളും എം. പി. ഫണ്ടുപയോഗിച്ച് രണ്ടു ക്ലാസു മുറികളുമുൾപ്പെടെ ആറു ക്ലാസു മുറികളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ജില്ലാപഞ്ചായത്ത് നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് ക്ലാസുമുറികൾക്കുകൂടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പണി ഉടൻ തുടങ്ങുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മണക്കാട് യു. പി. സ്കൂളിന്റെ ഓല ഷെഡ്ഡുകൾ മാറ്റുന്നതിനുള്ള പ്രവർത്തിക്ക് അംഗീകാരമായിട്ടുണ്ട്. പ്രവർത്തി 2005 ജൂൺ മാസത്തിനു മുൻപേ പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) അടുത്ത അദ്ധ്യയന വർഷത്തിനു മുമ്പ് പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly